"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -നിയോജക മണ്ഡല ആസ്തി വികസന പദ്ധതി 2015-16- ഏറ്റുമാനൂർ നിയോജക മണ്ഡലം - തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് - ശാസ്താംകടവ്- വെട്ടിക്കാട് റോഡ് ടാറിംഗ് പദ്ധതിയിൽ റോഡ് ടാറിംഗിനു പകരം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിലേക്ക് ഭരണാനുമതി തുകയായ ഒരു കോടി രൂപയ്ക്കുള്ളിൽ നിന്നുകൊണ്ട് രൂപം നൽകിയിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിക്ക് ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

G.O.(Rt)No.289/2021/LSGD തീയതി, തിരുവനന്തപുരം, 02/02/2021

---

പരാമർശം:- 1 28/01/2016 ലെ സ. ഉ. (സാധാ) നമ്പർ: 322/2016/തസ്വഭവ.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 06/10/2020-ലെ ഡിബി6/10530/2015/സിഇ/തസ്വഭവ (5) നമ്പർ കത്ത്.

3 ഏറ്റുമാനൂർ എം.എൽ.എ ശ്രീ സുരേഷ് കുറുപ്പ് അവർകളുടെ 16/06/2020 ലെ കത്ത്.

4 08/01/2021 ലെ സ. ഉ. (സാധാ) നമ്പർ: 189/2021/ധന.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഏറ്റുമാനൂർ എം.എൽ.എ ശ്രീ സുരേഷ് കുറുപ്പ് അവർകളുടെ 2015 - 16 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്താംകടവ് - വെട്ടിക്കാട്ട് റോഡ് ടാറിംഗ് എന്ന പ്രവൃത്തിയ്ക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2018 -19 വർഷത്തിലെ പ്രളയത്തിൽ പ്രവൃത്തി തടസ്സപ്പെടുകയും, ശക്തമായ ഒഴുക്കിൽ മെറ്റൽ ഇളകി ഉപരിതല ലെവലിൽ നിന്നും ചില സ്ഥലങ്ങളിൽ 15 സെന്റിമീറ്റർ വരെ വ്യതിയാനം ഉണ്ടാവുകയും ചെയ്തു. പ്രസ്തുത റോഡിന്റെ ഇരുവശവും പാടശേഖരമായതിനാലും കോട്ടയം -ആലപ്പുഴ ജലപാത റോഡിന്റെ സമീപമായതിനാലും വർഷകാലത്ത് വെള്ളം ഒരു വശത്തു നിന്നും മറ്റേ വശത്തേക്ക് റോഡ് കവിഞ്ഞ് ഒഴുകുന്നതിനാലും ടാറിംഗ് നിലനിൽക്കാത്ത സാഹചര്യത്തിൽ കോൺക്രീറ്റിംഗ് മാത്രമാണ് ഈ റോഡിന് അനുയോജ്യമായിട്ടുള്ളത് എന്നതിനാൽ ഭരണാനുമതി തുകയിൽ നിജപ്പെടുത്തി ടാറിംഗിനു പകരം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി പുതുക്കി നല്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ആവശ്യപ്പെട്ടിരുന്നു. ടാറിംഗിനു പകരം കോൺക്രീറ്റ് ചെയ്യണമെന്ന് ബഹു: എം.എൽ.എയും പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ടാറിംഗിനു പകരം കോൺക്രീറ്റിംഗ് ഉൾപ്പെടുത്തിയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റും ഭരണാനുമതി തുകയ്ക്കുള്ളിൽ നിന്നാണ് തയ്യാറാക്കിയിട്ടുള്ളത്.

ടാറിങ്ങിന് പകരം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിലേക്ക് ഭരണാനുമതി തുകയ്ക്കുള്ളിൽ നിന്നു കൊണ്ട് രൂപം നല്കിയിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയ്ക്ക് ഭരണാനുമതി പുതുക്കി നല്കുന്നതിന് പരാമർശം (4) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഏറ്റുമാനൂർ എം.എൽ.എ ശ്രീ കെ സുരേഷ് കുറുപ്പ് അവർകളുടെ 2015 - 16 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ ശാസ്താംകടവ് - വെട്ടിക്കാട്ട് റോഡ് ടാറിംഗ് എന്ന പ്രവൃത്തിയിൽ ടാറിംഗിനു പകരം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിലേക്ക് ഭരണാനുമതി തുകയായ ഒരുകോടി രൂപയിൽ അധികരിക്കാതെ തയ്യാറാക്കിയിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നിർവ്വഹിക്കുന്നതിലേക്ക് ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
ADDITIONAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആഡിറ്റ്, എൽബിഎ &എ) തിരുവനന്തപുരം

സെക്രട്ടറി, തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീ കരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദേശ സ്വയംഭരണവകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ